# ചേലക്കര ബൈപ്പാസ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കാൻ സാമൂഹിക പ്രത്യാഘാത പഠനത്തിൻറെ പുനർ വിലയിരുത്തൽ വിദഗ്ധസമിതി റിപ്പോർട്ട്

# തൃശ്ശൂർ ജില്ലാ കളക്ടറുടെ നടപടിക്രമം

## സാന്നിദ്ധ്യം: അർജുൻ പാണ്ഡ്യൻ, ഐ. എ. എസ്

വിഷയം: RFCT LARR Act 2013 – തൃശ്ശൂർ ജില്ല – തലപ്പിള്ളി താലൂക്ക് – തൊന്നൂർക്കര, ചേലക്കര, വെങ്ങാനെല്ലൂർ വില്ലേജുകൾ – ചേലക്കര ബൈപ്പാസ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ – സമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ധ സമിതി രൂപീകരിച്ച് ഉത്തരവാകുന്നു.

പരാമർശം: 1. 29-06-2016 se റവന്യൂ (ബി)വകുപ്പിന്റെ G.O. (P) No. 377/2016/RD നമ്പർ ഉത്തരവ്

2. 15-03-2024 തീയതിയിലെ കേരള ഗസറ്റ് അസാധാരണം വാല്യൂ 13 നമ്പർ 1005 3. 16-08-2012 തീയതിയിലെ അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ (ബി) വകുപ്പിന്റെ REV-B1/376/2021-REV നമ്പർ കത്ത്

4. 02-07-2024 തീയതിയിലെ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായ ഡോൺ ബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജ് ഡയറക്ടർ സമർപ്പിച്ച അന്തിമ പഠന റിപ്പോർട്ട്

# ആമുഖം

RFCT LARR ACT 2013 പ്രകാരം ഗവ: കേരളം തലപ്പിള്ളി താലൂക്കിൽ ചേലക്കര ബൈപ്പാസ് നിർമ്മാണം തോന്നൂർക്കര, ചേലക്കര, വെങ്ങാനല്ലൂർ വില്ലേജുകളിലായി 11.488 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള സാമൂഹിക സർവ്വേക്കും പഠനത്തിനുമായി ഡയറക്ടറിനെ, ഡോൺബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജ് കണ്ണൂരിനെ കേരള ഗവൺമെൻറ് നിയമിക്കുകയുണ്ടായി. പ്രസ്തുത സ്ഥാപനം ജൂലൈ 2024 സാമൂഹിക ആഘാതപഠന അന്തിമ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

RFCT LARR ACT 2013, സെക്ഷൻ 7(1) പ്രകാരം സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് പുനർ വിലയിരുത്തുന്നതിന് സാധ്യതകൾ പഠിക്കുന്നതിനും അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിനു വിദഗ്ധ സമിതിയെ നിയമിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി പഠന റിപ്പോർട്ട് വിലയിരുത്തുകയും വിശദാംശങ്ങൾ പരിശോധിക്കുകയും നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്തു. അതിനുശേഷം വിദഗ്ധസമിതി അംഗങ്ങൾ പദ്ധതി പ്രദേശം സന്ദർശിക്കുകയും വിവരശേഖരണം നടത്തുകയും ചെയ്തു. ലഭ്യമായ വിവരങ്ങൾ ക്രോഡീകരിക്കുകയും വിശകലനം നടത്തുകയും ചെയ്തു. അതിനുശേഷം സമഗ്രവും ആധികാരികവും നിഷ്പക്ഷവും നീതിയുക്തമായ പഠന റിപ്പോർട്ട് ബഹു: ജില്ലാ കളക്ടർ സമക്ഷം സമർപ്പിക്കുന്നു.

## വിദഗ്ധസമിതി അംഗങ്ങളുടെ വിവരം

| ക്രമ നം | കാറ്റഗറി | പേര് | ഒപ്പ്/തീയ്യതി |
|---|---|---|---|
| 1 | അനൗദ്യോഗിക സാമൂഹിക ശാസ്ത്രജ്ഞന്മാർ | ഡോ. ബിനു കെ അസോസിയേറ്റ് പ്രൊഫ. & ഹെഡ് ഓഫ് ഡിപ്പാർട്ട്മെൻറ് ഓഫ് സോഷ്യോളജി വിമല കോളേജ് തൃശ്ശൂർ – 680002<br>ഫോൺ: 9846678530<br>ഇമെയിൽ: binupalara1976@gmail.com | 14/8/24 |
| 2 | അനൗദ്യോഗിക സാമൂഹിക ശാസ്ത്രജ്ഞന്മാർ | ഡോ. ചാക്കോ ജോസ് പി, പ്രിൻസിപ്പൽ, സെൻറ് അലോഷ്യസ് കോളേജ് എൽത്തുരുത്ത്<br>ഫോൺ: 9447033292<br>ഇമെയിൽ: chackojosep@gmail.com | |
| 3 | പുനരധിവാസ പ്രവർത്തനങ്ങളിൽ വിദഗ്ധർ | 1. ശ്രീമതി. അമൃതവല്ലി ഡി, ഡെപ്യൂട്ടി കളക്ടർ, എൽ.എ. കളക്ടറേറ്റ് തൃശ്ശൂർ<br>ഫോൺ: 9447751461<br>2. ശ്രീമതി. ജയന്തി സി. ആർ, സ്പെഷ്യൽ തഹസിൽദാർ, എൽ.എ.(കിഫ്ബി), ശക്തൻ ആർക്കേഡ്, തൃശ്ശൂർ, ഫോൺ: 9745844675 | |
| 4 | സാങ്കേതിക വിദഗ്ധൻ | ശ്രീ. സജിത്ത് ഇ ഐ, അസിസ്റ്റൻറ് എക സിക്യൂട്ടീവ് എൻജിനീയർ,KRFB - PMU,എറണാകുളം, തൃശ്ശൂർ, ഫോൺ: 9447215365 | |
| 5 | ബാധിക്കപ്പെട്ട പ്രദേശത്തെ പഞ്ചായത്ത്/ ഗ്രാമപഞ്ചായത്ത് /ഗ്രാമസഭ/ മുൻസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയിലെ രണ്ട് പ്രതിനിധികൾ (ഒരു വനിത അംഗം ഉൾപ്പെടെ) | 1. ശ്രീമതി. എം കെ പത്മജ, പ്രസിഡൻറ് & മെമ്പർ - വാർഡ് 19, ചേലക്കര ഗ്രാമപഞ്ചായത്ത്<br>ഫോൺ: 9496046052, 9744216167<br>2. ശ്രീ. എല്ലിശ്ശേരി വിശ്വനാഥൻ, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ & മെമ്പർ -വാർഡ് 3, ചേലക്കര ഗ്രാമപഞ്ചായത്ത് ഫോൺ: 9846166689 | Padmaja M K |

# സാമൂഹിക പ്രത്യേകത പഠനത്തിൻറെ പ്രസക്ത വിവരങ്ങൾ

1. ചേലക്കര ബൈപ്പാസ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നത് തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ തോന്നൂർക്കര, ചേലക്കര, വെങ്ങാനല്ലൂർ വില്ലേജുകളിൽ നിന്നാണ്.
2. നിലവിലെ ചേലക്കര റോഡ് വീതി കുറഞ്ഞതും വളരെയധികം ഗതാഗതകുരുക്ക് അനുഭവപ്പെടുന്നതുമായ പ്രദേശമാണ്.
3. പദ്ധതിക്ക് ആവശ്യമായി 11.48 ഹെക്ടർ ഭൂമിയാണ് മൂന്നു വില്ലേജുകളിൽ നിന്നായി ഏറ്റെടുക്കേണ്ടത്.
4. പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ സർവ്വേ നമ്പറുകൾ താഴെപ്പറയുന്നവയാണ്

പട്ടിക 1.1 പദ്ധതികാവശ്യമായ ഭൂമി

| സർവ്വേ നമ്പർ | വില്ലേജ് | ആവശ്യമായ ഭൂമി |
|---|---|---|
| 200/1, 200/2, 200/3, 201/1, 201/4, 201/5, 201/7, 201/8, 201/9, 202/2, 202/3, 213 | തോന്നൂർക്കര | 11.488 ഹെക്ടർ |
| 352/1, 353/1, 354/1, 365/1, 366/1, 367, 369 | ചേലക്കര | |
| 168/1, 168/2, 170/1, 170/2, 171/1, 171/2, 171/3, 176/5, 177/1, 177/2, 179/1, 179/2, 181/1, 181/4, 182/1, 196/1, 196/2, 196/3, 196/4, 201/2,. 202/4, 203/5, 222/8, 222/9, 222/23, 223, 224/1, 225, 226/6, 237/1, 237/2, 237/3, 237/4, 237/5, 241, 254, 255, 256/6, 264, 266/5, 226/7, 268, 269/4, 270/3, 270/4, 270/5, 270/8, 401, 403/3, 403/4, 404/3, 405/2, 408, 414/2, 414/8, 416, 424, 425/2, 425/3, 425/4, 427/3, 428, 429, 430, 431/1, 431/3, 431/4, 432/1, 432/3, 432/5 | വെങ്ങാനെല്ലൂർ | |
| ആകെ ഭൂമി | | 11.488 ഹെക്ടർ |

5. പദ്ധതിക്ക് ആവശ്യമായ തുക കിഫ്ബിയാണ് അനുവദിക്കുന്നത്. ഇത് 20 കോടിയാണ്

6. പ്രസ്തുത പദ്ധതിയുടെ നീളം 3.865 കിലോമീറ്റർ ആണ്

7. ഈ പദ്ധതി തൃശ്ശൂർ - പാലക്കാട് ജില്ലകളുടെ സാമൂഹിക സാമ്പത്തിക വാണിജ്യ വ്യാപാര വികസനത്തിന് മുതൽക്കൂട്ടാണ്

8. പദ്ധതി തോന്നൂർക്കരയിൽ നിന്നാരംഭിച്ച് വാഴക്കോട് - പ്ലാഴി സംസ്ഥാനപാതയിൽ (എസ്.എച്ച്-74) നാട്ടിയഞ്ചിറയിൽ അവസാനിക്കുന്നു

9. പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുമ്പോൾ കാർഷികഭൂമി, തണ്ണീർത്തടങ്ങൾ എന്നിവ നഷ്ടമാകുന്നു

10. പദ്ധതി 50 വർഷത്തിലേറെയായി പ്രസ്തുത മേഖലയിൽ അധിവസിക്കുന്നതും കൃഷി ചെയ്യുന്നതുമായ 53 കുടുംബങ്ങളെയും ജീവിതത്തെയും ബാധിക്കുന്നു

11. പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ നിർദ്ദിഷ്ട അലൈൻമെൻറ് രണ്ട് വീടുകളെ ബാധിക്കുന്നു.

12. സ്ഥലം ഏറ്റെടുക്കുമ്പോൾ താമസസ്ഥലം, മതിലുകൾ, പ്രവേശന കവാടങ്ങൾ, വ്യാപാര വാണിജ്യ സമുച്ചയങ്ങൾ, സ്വകാര്യവസ്തുക്കൾ എന്നിവ നഷ്ടമാവുന്നു.

13. ഭൂമി ഏറ്റെടുക്കപ്പെടുന്ന വ്യക്തികൾക്ക് ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യമായ പുനരധിവാസത്തിനും, RECTLARR 2013 പ്രകാരം അർഹതപ്പെട്ടതാണ്

14. പദ്ധതി പ്രദേശത്ത് ഭൂമിയും, മറ്റു ഉപജീവന മാർഗ്ഗവും നഷ്ടപ്പെടുന്നവർക്ക് നിയമം അനുശാസിക്കുന്ന നഷ്ടപരിഹാരം ലഭ്യമാക്കണം

15. പദ്ധതി പ്രദേശത്ത് പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകാത്ത തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തണം

16. പദ്ധതി പ്രദേശത്ത് പൊതുവേയുള്ള പൊതുജനഹിതം പദ്ധതിക്കനുകൂലവും ജനങ്ങളുടെ കാലാകാലങ്ങളായുള്ള ഗതാഗത പ്രശ്നങ്ങളുടെ ശാശ്വത പരിഹാരവുമാണ്

17. പദ്ധതി പ്രദേശത്ത് ആവശ്യമായ ചാലുകൾ (ഡ്രൈനേജ്) നിർമ്മിച്ച നീരൊഴുക്ക് സുഗമമാക്കേണ്ടതാണ്

18. പദ്ധതി ബാധിതർ വ്യത്യസ്ത ഗണത്തിൽപ്പെട്ട ഗുണഭോക്താക്കളാണ്
19. പദ്ധതി നിർമ്മാണത്തിന് തദ്ദേശവാസികൾ ബദൽ സംവിധാനം നിർദ്ദേശിക്കുന്നുണ്ട്
20. പദ്ധതി നിർമ്മാണസമയത്ത് വെള്ളപ്പൊക്ക സാധ്യതകൾ വർദ്ധിപ്പിക്കുന്നു
21. പദ്ധതി ചില ഉപഭോക്താക്കളുടെ ഏക സ്വത്ത് നഷ്ടപ്പെടുത്തുകയും ഉപജീവനമാർഗ്ഗം നഷ്ടപ്പെടുത്തുകയും ചെയ്യുന്നു
22. പദ്ധതിക്കായി ആദ്യം നിശ്ചയിച്ച അലൈൻമെൻറ് പ്രകാരം അടയാളപ്പെടുത്തിയ ഭൂമിയിൽ ഇപ്പോഴും കുറ്റികൾ നിൽക്കുന്നു. ഇതാ ഭൂമിയുടെ വിപണി മൂല്യത്തെ ബാധിക്കുന്നു. ഇത് നീക്കം ചെയ്യണമെന്ന് ആളുകൾ ആവശ്യപ്പെട്ടു.

## വിദഗ്ധസമിതി കണ്ടെത്തലുകളും നിർദ്ദേശങ്ങളും

1. ചേലക്കര ബൈപ്പാസ് വികസനം ഈ കാലഘട്ടത്തിൻറെ വികസനത്തിന് നാഴികക്കലാണ്
2. ഇടുങ്ങിയ ചേലക്കര റോഡ് വികസിക്കുന്നതിലൂടെ പ്രദേശത്തിന്റെയും ജില്ലയുടെയും സാമൂഹിക സാമ്പത്തിക വിനോദസഞ്ചാര വികസനത്തെ ശക്തിപ്പെടുത്തുന്നു
3. പ്രസ്തുത പദ്ധതി ജനങ്ങളുടെ കാലാകാലങ്ങളായിട്ടുള്ള അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നാണ്
4. പദ്ധതി പ്രാബല്യത്തിൽ വരുന്നതോടെ പ്രദേശത്ത് നിലനിൽക്കപ്പെടുന്ന അപകടസാധ്യതകൾ ഒരു പരിധിവരെ ഇല്ലാതാക്കാൻ കഴിയും
5. പദ്ധതി, പ്രദേശത്ത് നിലനിൽക്കുന്ന ഗതാഗതകുരുക്കിനും, വികസന രാഹിതരാഹിത്യത്തിനും പരിഹാരമാണ്
6. പദ്ധതി പ്രദേശം ജനനിബിഡവും അർത്ഥനഗരവുമാണ്
7. പദ്ധതിയുടെ പ്രാരംഭ നിർമ്മാണ ഘട്ടം ജനങ്ങളെ പ്രത്യക്ഷമായും പരോക്ഷമായും ബാധിക്കും

8. പദ്ധതി പ്രദേശം സാംസ്കാരിക തനിമയുടെയും രാഷ്ട്രീയ ഐക്യത്തിന്റെയും മതനിരപേക്ഷതയുടെയും ഉത്തമ ഉദാഹരണമായി നിസ്സംശയം പറയുവാൻ കഴിയും

9. പ്രസ്തുത പദ്ധതി പ്രദേശത്തെ ജലസ്രോതസ്സുകൾ, തണ്ണീർത്തടങ്ങൾ, സ്വാഭാവിക പ്രദേശങ്ങൾ എന്നിവയെ ബാധിക്കുന്നു. അതിനാൽ തണ്ണീർത്തട നിയമങ്ങൾ ബാധകമാണ്.

10. പദ്ധതി നടപ്പിലാക്കുന്നതിലൂടെ ജനങ്ങൾക്ക് ഉണ്ടാകുന്ന എല്ലാ ബുദ്ധിമുട്ടുകളും വ്യക്തമായ ശാസ്ത്രീയ പ്ലാനോടുകൂടി ലഘൂകരിക്കാനോ, ഇല്ലാതാക്കാനോ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്

11. പദ്ധതി മൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ സസ്യ ലതാദികളുടെയും, മരങ്ങളുടെയും നാശം, മരങ്ങൾ നട്ടുപിടിപ്പിച്ച് പുന:സ്ഥാപിക്കേണ്ടതാണ്

12. പദ്ധതി നിർമ്മാണവേളയിൽ പ്രദേശത്ത് ജനങ്ങളുടെ കുടിവെള്ള ലഭ്യതയ്ക്കോ വിവരണത്തിനും തടസ്സം വരാതെ ശ്രദ്ധിക്കണം

13. പദ്ധതിയുടെ നിർമ്മാണവേളയിൽ ജനങ്ങളുടെ സുഗമമായ ഗതാഗതത്തിനും ഉള്ള ബദൽ സംവിധാനങ്ങൾ നടപ്പിലാക്കേണ്ടതാണ്

14. പദ്ധതി നടപ്പിലാക്കുന്നതിനായി ഏറ്റവും അനുയോജ്യമായ പ്ലാനും, സ്ഥലം ഏറ്റെടുക്കുന്നതിനും ഇപ്പോൾ നിജപ്പെടുത്തിയിരിക്കുന്നത്

15. വിലയ്ക്ക് എടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് കുടിവെള്ള പദ്ധതി, ടെലിഫോൺ, ഇലക്ട്രിസിറ്റി സംവിധാനം എന്നിവ കാണുന്നു

16. വിലയ്ക്ക് എടുക്കാൻ ഉദ്ദേശിക്കുന്ന പ്രദേശത്ത് ജീവിക്കുന്നവർ ഭൂരിഭാഗവും കർഷകർ, കച്ചവടം ഗവൺമെൻറ് സ്വകാര്യ വാണിജ്യ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന വ്യത്യസ്ത സാമ്പത്തിക മേഖലയിൽ ഉള്ളവരാണ്. അതിനാൽ പുനരധിവാസം, നഷ്ടപരിഹാരം എന്നിവ നിഷ്പക്ഷവും നീതിയുക്തവും ആയിരിക്കണം

17. പദ്ധതി പ്രദേശത്ത് സാമൂഹികപരമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളെ പ്രത്യേകം പരിഗണിച്ച് പുനരധിവാസ പ്രവർത്തനങ്ങൾ സാധ്യമാക്കേണ്ടതാണ്

18. പദ്ധതി പ്രദേശത്ത് താമസിക്കുന്ന കുട്ടികൾ, വൃദ്ധജനങ്ങൾ, നിരാലമ്പർ, വിധവകൾ ദിവ്യാംഗന്മാർ മറ്റു പിന്നോക്ക അവസ്ഥയിൽ ഉള്ളവർ എന്നിവരുടെ ന്യായമായ ആവശ്യങ്ങൾ പരിഗണിച്ച് സമയബന്ധിതവും നിയമപരവുമായ കാര്യക്ഷമമായ ക്രിയാത്മകവുമായ നടപടികൾ പാലിക്കേണ്ടതാണ്
19. പ്രദേശത്ത് പക്ഷിസങ്കേതങ്ങളോ, ഗാർഡനങ്ങളോ, മൃഗാശുപത്രികളോ കാണുന്നില്ല
20. പദ്ധതിക്കായി ഏറ്റെടുക്കപ്പെടുന്ന സ്ഥലം പൂർണമായും സ്വകാര്യ വ്യക്തികളുടേതാണ്
21. പദ്ധതി പ്രദേശത്ത് വിവിധ മതസ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ എന്നിവ കാണപ്പെടുന്നില്ല
22. പദ്ധതി പ്രദേശത്ത് പരിസ്ഥിതി ലോല പ്രദേശങ്ങളോ, അപകടകരമായ വിധമുള്ള കുന്നിൻ പ്രദേശങ്ങളോ കാണപ്പെടുന്നില്ല
23. പ്രദേശത്ത് കണ്ടൽക്കാടുകൾ കാണപ്പെടുന്നില്ല
24. പ്രദേശത്ത് ദുർഗന്ധം വമിക്കുന്ന കുഴികളോ, വൃത്തിഹീനമായ സ്ഥലങ്ങളോ കാണപ്പെടുന്നില്ല
25. പദ്ധതി പ്രദേശത്ത് കുട്ടികളുടെ കളിസ്ഥലങ്ങളോ, അംഗനവാടികളോ, വൃദ്ധസദനങ്ങളോ, പ്രൈമറി ഹെൽത്ത് സെൻററുകളോ കാണപ്പെടുന്നില്ല

## വിദഗ്ധസമിതിയുടെ പ്രത്യേകം പരാമർശം

ഇതരപദ്ധതികളെ അപേക്ഷിച്ചു പദ്ധതി പ്രദേശം രാഷ്ട്രീയ ഐക്യത്തിന്റെയും മതനിരപേക്ഷതയുടെയും പുരോഗമന ആശയങ്ങളുടെയും ഉത്തമ ഉദാഹരണമാണ്. അതിനാൽ പദ്ധതിക്ക് യാതൊരു തടസ്സങ്ങളും നിലവിലില്ല പദ്ധതി കാലഘട്ട വികസനത്തിന് അത്യാന്തര വേക്ഷിതമാണ് പ്രേക്ഷിതമാണ്.

## സംഗ്രഹം

ചേലക്കര ബൈപ്പാസ് നിർമ്മാണത്തിനായി തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ തോന്നൂർക്കര, ചേലക്കര, വെങ്ങാനല്ലൂർ വില്ലേജുകളിൽ നിന്നും ഭൂമി ഏറ്റെടുക്കുന്നതിനായി ഉള്ള സാമൂഹികാഘാദപഠനം ഡോൺബോസ്കോ ആർട്സ് & സയൻസ് കോളേജ്, കണ്ണൂർ നടത്തുകയുണ്ടായി ഈ പഠനം റിപ്പോർട്ട് പുനർ വിലയിരുത്തുന്നതിനായി ഈ ഉത്തരവ് നമ്പർ: DCTSR?6717/2023-E4 തീയതി 26-07-2024 നിയമിക്കുകയുണ്ടായി ഈ പഠനം റിപ്പോർട്ട് വിദഗ്ധസമിതി അപഗ്രഥിക്കുകയും വിശകലനം നടത്തുകയും പ്രായോഗികമായ നിഗമനത്തിലെത്തുകയും ചെയ്തു. കേരളത്തിന്റെ വികസനത്തിനും പുരോഗമനത്തിനും മെച്ചപ്പെട്ട ഗതാഗത സൗകര്യങ്ങൾ വളരെയധികം ഉപകാരപ്രദമാണ് ചേലക്കര ബൈപ്പാസ് നിർമ്മിക്കുക വഴി കാലാകാലങ്ങളായി മേഖല നേരിടുന്ന കഥകൾ ഗതാഗത പ്രശ്നങ്ങൾക്കും അപകടങ്ങൾക്കും പരിഹാരമായി കണക്കാക്കാവുന്നതിലും പദ്ധതി പ്രദേശത്തെ വ്യാപാര വ്യാണിജ്യ വിനോദ വിദ്യാഭ്യാസ മേഖലയെ ത്വരിതപ്പെടുത്തുന്നതിനാലും ജനോപകാരപ്രദമായതിനാലും പദ്ധതി നടപ്പിലാക്കണമെന്ന് വിദഗ്ധസമിതി ആവശ്യപ്പെടുന്നു.

പദ്ധതി പ്രദേശത്ത് ആദിവസിക്കുന്ന കർഷകർ, ചെറുകിട തൊഴിലാളികൾ, കച്ചവടക്കാർ, സമൂഹത്തിൻറെ മറ്റു ശ്രേണിയിൽപ്പെടുന്ന ജനങ്ങളുടെ ആശങ്കങ്ങൾ ന്യായമായ ആവശ്യങ്ങൾ പരിഗണിച്ച് പരിഹരിച്ച് വേണം പദ്ധതി നടപ്പിലാക്കുക. പ്രസ്തുത പദ്ധതി പരമ്പരാഗതമായി കൃഷി

ചെയ്യുന്ന 53 കുടുംബങ്ങളുടെ ജീവിതത്തെയും വീടുകളെയും ബാധിക്കുന്നതിനാലും അവരുടെ ആശങ്കങ്ങൾ നിയമം അനുശാസിക്കുന്നതും അർഹിക്കുന്നതും ആയ നഷ്ടപരിഹാരങ്ങൾ കൊടുത്തു പരിഹരിക്കേണ്ടതാണ്. പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കേണ്ടി വരുമ്പോൾ പദ്ധതി പ്രദേശത്ത് അധിവസിക്കുന്ന സ്ത്രീകളുടെയും, കുട്ടികളുടെയും, വയോജനങ്ങളുടെയും, ദിവ്യാംഗന്മാരുടെയും ആശങ്കകൾ പരിഗണിച്ച് പദ്ധതി തുടങ്ങിയാൽ എത്രയും വേഗം പദ്ധതി യാഥാർത്ഥ്യം ആക്കണമെന്നും വിദഗ്ധ സമിതി ആവശ്യപ്പെടുന്നു. പദ്ധതി തുടങ്ങിയാൽ പ്രദേശത്തെ ദൈനംദിന ഗതാഗത ത്തേയും ജീവിതത്തേയും ബാധിക്കാതെ പദ്ധതി എത്രയും പെട്ടെന്ന് അവസാനിപ്പിച്ച് പൊതുജനങ്ങൾക്കായി സമർപ്പിക്കണമെന്ന് വിദഗ്ധസമിതി ശുപാർശ ചെയ്യുന്നു.

പ്രസ്തുത പദ്ധതി ജനങ്ങൾക്ക് അത്യന്താപേക്ഷിതമായതിനാലും പദ്ധതിക്ക് ചിലവാകുന്ന തുക ഭാവികേരള സാമ്പത്തിക വ്യവസ്ഥിതിയെ പ്രതികൂലമായി ബാധിക്കാത്തതിനാലും, വികസനത്വരിതമായതിനാലും, കാലഘട്ടത്തിൻറെ നിലനിൽപ്പിന് അത്യന്താപേക്ഷികമായതിനാലും, പ്രദേശം രാഷ്ട്രീയ, സാംസ്കാരിക, ഐക്യത്തിന്റെയും, പുരോഗമനത്തിന്റെ ഭൂമിക ആയതിനാലും പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രയോജനങ്ങൾ പദ്ധതിയുടെ ഭാഗമായി ഉണ്ടാകുന്ന സാമ്പത്തിക ചെലവുകളെയും, സാമൂഹ്യ പ്രത്യാഘാതങ്ങളെയും, അപേക്ഷിച്ചു വളരെ കൂടുതലാണെന്നു വിദഗ്ധ സമിതിക്കു ബോധ്യപ്പെട്ടതിനാലും, ബന്ധപ്പെട്ട വകുപ്പുകളിലെയും ചട്ടങ്ങൾക്കും വിധേയമായി തൃശ്ശൂർ ജില്ല – തലപ്പിള്ളി താലൂക്ക് – തൊന്നൂർക്കര, ചേലക്കര, വെങ്ങാനെല്ലൂർ വില്ലേജുകൾ ഉൾപ്പെടുന്ന ചേലക്കര ബൈപ്പാസ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനായി ഡയറക്ടർ, ഡോൺബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജ് കണ്ണൂർ, തയ്യാറാക്കിയ സമൂഹ്യ പ്രത്യഘാത റിപ്പോർട്ട് വിദഗ്ധ സമിതിയുടെ നിരീക്ഷണങ്ങളും കൂടെ പരിഗണിച്ച് അംഗീകരിക്കുകയും, ചേലക്കര

ബൈപ്പാസ് നിർമ്മാണ പദ്ധതിയുടെയും, അനുബന്ധപ്രവർത്തനങ്ങളുടെയും ജോലികൾ വിദഗ്ധ പ്ലാനോട് കൂടി കാര്യക്ഷമമായി ആരംഭിച്ച് സമയ ബന്ധിതമായി അവസാനിപ്പിച്ച് ജനങ്ങൾക്ക് സമർപ്പിക്കണമെന്ന് ബഹു: ജില്ലാ കളക്ടർ മുമ്പാകെ ശുപാർശ ചെയ്യുന്നു.

എന്ന് വിദഗ്ധസമിതിക്ക് വേണ്ടി

ഡോ. ബിനു കെ

ചെയർമാൻ

14/8/24

# വിദഗ്ധസമിതി അംഗങ്ങളുടെ വിവരം

| ക്രമ നം | കാറ്റഗറി | പേര് | ഒപ്പ്/തീയ്യതി |
|---|---|---|---|
| 1 | അനൗദ്യോഗിക സാമൂഹിക ശാസ്ത്രജ്ഞന്മാർ | ഡോ. ബിനു കെ അസോസിയേറ്റ് പ്രൊഫ. & ഹെഡ് ഓഫ് ഡിപ്പാർട്ട്മെൻറ് ഓഫ് സോഷ്യോളജി വിമല കോളേജ് തൃശ്ശൂർ – 680002<br>ഫോൺ: 9846678530<br>ഇമെയിൽ: binupalara1976@gmail.com | |
| 2 | അനൗദ്യോഗിക സാമൂഹിക ശാസ്ത്രജ്ഞന്മാർ | ഡോ. ചാക്കോ ജോസ് പി, പ്രിൻസിപ്പൽ, സെൻറ് അലോഷ്യസ് കോളേജ് എൽത്തുരുത്ത്<br>ഫോൺ: 9447033292<br>ഇമെയിൽ: chackojosep@gmail.com | |
| 3 | പുനരധിവാസ പ്രവർത്തനങ്ങളിൽ വിദഗ്ധർ | 1. ശ്രീമതി. അമൃതവല്ലി ഡി, ഡെപ്യൂട്ടി കളക്ടർ, എൽ.എ. കളക്ടറേറ്റ് തൃശ്ശൂർ ഫോൺ: 9447751461<br>2. ശ്രീമതി. ജയന്തി സി. ആർ, സ്പെഷ്യൽ തഹസിൽദാർ, എൽ.എ.(കിഫ്ബി), ശക്തൻ ആർക്കേഡ്, തൃശ്ശൂർ, ഫോൺ: 9745844675 | |
| 4 | സാങ്കേതിക വിദഗ്ധൻ | ശ്രീ. സജിത്ത് ഇ ഐ, അസിസ്റ്റൻറ് എക ്സിക്യൂട്ടീവ് എൻജിനീയർ,KRFB - PMU,എറണാകുളം, തൃശ്ശൂർ, ഫോൺ: 9447215365 | |
| 5 | ബാധിക്കപ്പെട്ട പ്രദേശത്തെ പഞ്ചായത്ത്/ഗ്രാമപഞ്ചായത്ത് /ഗ്രാമസഭ/മുൻസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയിലെ രണ്ട് പ്രതിനിധികൾ (ഒരു വനിത അംഗം ഉൾപ്പെടെ) | 1. ശ്രീമതി. എം കെ പത്മജ, പ്രസിഡൻറ് & മെമ്പർ - വാർഡ് 19, ചേലക്കര ഗ്രാമപഞ്ചായത്ത് ഫോൺ: 9496046052, 9744216167<br>2. ശ്രീ. എല്ലിശ്ശേരി വിശ്വനാഥൻ, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ & മെമ്പർ -വാർഡ് 3, ചേലക്കര ഗ്രാമപഞ്ചായത്ത് ഫോൺ: 9846166689 | |